വിധാനത്തിനു തുടക്കമിട്ടു. ഇത് 1992 ഡിസംബറിൽ രൂപീകൃതമായ ചെക്ക് ഭരണഘടനയ്ക്കനുസൃതമായിരുന്നു. ഇതിൻ പ്രകാരം 'ചെക്ക് നാഷണൽ കൗൺസിൽ' പുതിയ 'ചേംബർ ഒഫ് ഡെപ്യൂട്ടീസ്' അഥവാ 'ലോയർ ഹൗസ്' ആയി മാറി. ഇതിൽ 200 അംഗങ്ങളുണ്ട്. അപ്പർ ഹൗസ് അഥവാ സെനറ്റ് 93 ജനുവരിയിൽ രൂപീകൃതമായി. 1993 ജനുവരി അവസാനത്തോടെ ചേംബർ ഒഫ് ഡെപ്യൂട്ടീസ് വാക്‌ലാവ് ഹാവലിനെ ചെക്ക് റിപ്പബ്ലിക്കിന്റെ പ്രഥമ പ്രസിഡന്റാക്കി. സ്ലോവാക്യൻ റിപ്പബ്ലിക്കുമായി നല്ല നയതന്ത്ര ബന്ധം സ്ഥാപിക്കുക എന്ന പ്രധാന നയത്തിൽ ചെക്ക് റിപ്പബ്ലിക് ഇന്നും ഉറച്ചു നില്ക്കുന്നു. പ്രഥമ ചെക്ക് പ്രധാനമന്ത്രിയായി സ്ഥാനമേറ്റ വാക്‌ലാവ് ക്ലോസ്, ചെക്കിൽ 1996 ജൂണിൽ നടന്ന ആദ്യ പാർലമെന്ററി തിരഞ്ഞെടുപ്പിലും മത്സരിച്ചു. 55 ശ.മാ. ജനങ്ങളും ഇദ്ദേഹത്തിന്റെ തിരിച്ചുവരവിനെയാണു കാംക്ഷിക്കുന്നതെന്ന് ഇവിടെ നടന്ന ജനഹിത പരിശോധന വെളിപ്പെടുത്തുന്നു.

1996 ജൂലായ് മാസത്തിൽ ചെക്കിൽ രൂപീകൃതമായ കൂട്ടുമന്ത്രിസഭയിലെ പ്രധാനമന്ത്രി വാക്‌ലാവ് ക്ലോസ് തന്നെയായിരുന്നു. 1996 നവംബറിൽ നടന്ന സെനറ്റ് തിരഞ്ഞെടുപ്പിനുശേഷം ഈ ഭരണകൂടം അധികാരത്തിലേറി.

ഐക്യരാഷ്ട്ര സംഘടനയിൽ അംഗമായ ചെക്ക് റിപ്പബ്ലിക് നാറ്റോ (NATO), ഒഇസിഡി (Organisation for Economic Co-operation & Development) യൂറോപ്യൻ യൂണിയൻ എന്നിവയിലും അംഗമാണ്.

## ചെഗുവേര

*നോ.* ഗുവേര, ഏർണെസ്റ്റോ ചെ

## ചെങ്കടൽ

Red Sea

ഇന്ത്യാ മഹാസമുദ്രത്തിന്റെ ശാഖയായ ഉൾക്കടൽ. വീതി കുറഞ്ഞ് നീളം കൂടിയ ചെങ്കടൽ ഏദൻ ഉൾക്കടലിനു വടക്കു പടിഞ്ഞാറു നിന്ന് 1,930 കിലോമീറ്ററോളം നീളത്തിൽ സ്ഥിതി ചെയ്യുന്നു. വീതി: 145-360 കി.മീ.; വിസ്തീർണം: 4,38,000 ച.കി.മീ.; പരമാവധി ആഴം: 2,300 മീറ്റർ. അറേബ്യൻ ഉപദ്വീപിനെ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നു വേർതിരിക്കുന്ന ഈ ജലാശയത്തിന് പൊതുവേ ആഴം കുറവാകുന്നു. ഇതിന്റെ തെക്കേയറ്റം വീതി കൂടിയതാണ് (370 കി.മീ. വരെ). വടക്കേയറ്റം രണ്ടായി പിരിഞ്ഞ് അക്വാബ എന്നും സൂയസ് എന്നും പേരുള്ള വീതി കുറഞ്ഞ രണ്ടു ചെറിയ ഉൾക്കടലുകളായി മാറിയിരിക്കുന്നു. ഇവയ്ക്കു രണ്ടിനും ഇടയിലാണ് സിനായ് ഉപദ്വീപിന്റെ സ്ഥാനം. സൂയസ് ഉൾക്കടൽ സൂയസ് കനാൽ വഴി മെഡിറ്ററേനിയൻ സമുദ്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ചെങ്കടൽ




ഏദൻ ഉൾക്കടലുമായി മാത്രമേ ചെങ്കടലിനു നേരിട്ടു ബന്ധമുള്ളു. ഇതിന്റെ തെക്കേയറ്റത്തായുള്ള ആഴവും വീതിയും കുറഞ്ഞ ബാബെൽ-മാൻഡേബ് കടലിടുക്കുവഴി ഈ ജലാശയം ഏദൻ ഉൾക്കടലുമായും അതുവഴി ഇന്ത്യാ മഹാസമുദ്രവുമായും ബന്ധപ്പെട്ടിരിക്കുന്നു. ബാബെൽ-മാൻഡേബ് കടലിടുക്കു മുതൽ സൂയസ് ഉൾക്കടലിന്റെ വടക്കേയറ്റം വരെ ചെങ്കടലിന്റെ നീളം 2,250 കിലോമീറ്ററാണ്. ബാബെൽ-മാൻഡേബ് കടലിടുക്കിന് വീതി 27 കി.മീ. മാത്രമാകുന്നു. എന്നാൽ ഈ ജലാശയത്തിന്റെ തെക്കുഭാഗത്തിന് 370 കി.മീ. വരെ വീതിയുണ്ട്. അതിരുകൾ: കിഴക്ക്-സൗദി അറേബ്യ, യമൻ; പടിഞ്ഞാറ്-എതിയോപിയ, സുഡാൻ, ഈജിപ്ത്.

ചെങ്കടലിലെ ജലത്തിനു സാധാരണ കടുത്ത പച്ച കലർന്ന നീലനിറമാണ്. എന്നാൽ ചില സമയങ്ങളിൽ ഇതിലെ ജലത്തിൽ *ട്രൈക്കോഡെസ്മിയം എറിത്രിയം* എന്ന ഒരിനം ആൽഗ ധാരാളമായുണ്ടാകും. ഇവ ചത്തൊടുങ്ങുമ്പോൾ കടൽവെള്ളത്തിന് തവിട്ടു കലർന്ന ചുവപ്പുനിറം വന്നുചേരുന്നു. ഈ നിറവ്യത്യാസമാണ് ചെങ്കടൽ എന്ന പേരിനു കാരണം. ആധുനിക അറേബ്യൻ ഭാഷയിൽ ചെങ്കടൽ ബാഹ്ർ-അൽ-അഹ്മർ (Bahr-Al-Ahmar) എന്ന പേരിലാണ് അറിയപ്പെടുന്നത്.

ചെങ്കടലിലെ ജലത്തിന് ലവണാംശം കൂടുതലാണ് (40/1000). നദികൾ വഴിയും മറ്റും ശുദ്ധജലം വന്നെത്താത്തതാണ് ഇതിന്റെ പ്രധാന കാരണം. ഇതിലെ ബാഷ്പീകരണത്തോത് വളരെ കൂടുതലാണ് എന്നത് മറ്റൊരു കാരണമാകുന്നു. ഇക്കാരണങ്ങളാൽ ഏദൻ ഉൾക്കടലിൽനിന്ന് ജലം ചെങ്കടലിലേക്കാണ് പ്രവഹിക്കുന്നത്. കടലിന്റെ അടിത്തട്ടിൽ ചില ഭാഗത്ത് ലവണാംശം വളരെ കൂടുതലാണ് (270/1000). ഏദൻ ഉൾക്കടലിൽ നിന്നൊഴുകിയെത്തുന്ന ലവണാംശം കുറഞ്ഞ ജലം (36/1000) പ്രാദേശികവാതങ്ങളുടെ പ്രവർത്തനഫലമായി വടക്കോട്ടൊഴുകുകയും ലവണാംശം കൂടിയ (40/1000) അതിസാന്ദ്രതയുള്ള സൂയസ് ഉൾക്കടൽജലം തെക്കോട്ടൊഴുകുകയും ചെയ്യുന്നു. ഇങ്ങനെ രണ്ടു പാളികളായി തിരിയുന്ന ചെങ്കടൽജലത്തിൽ സാന്ദ്രതയേറിയ സൂയസ് ജലം അടിവശത്തായിരിക്കും. ഇവയ്ക്കിടയിലുള്ള മേഖലയുടെ താപനില 22°C-ഉം ലവണത്വം 41/1000-ഉം ആണ്. ചെങ്കടൽ മേഖലയിൽ നടത്തിയ പഠനങ്ങൾ ഈ ജലാശയത്തിലെ ജലം 20 വർഷത്തിലൊരിക്കൽ നവീകരിക്കപ്പെടുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്.

ലോകത്തിലെ ചൂടു കൂടിയതും വരണ്ടതുമായ പ്രദേശങ്ങളിലൊന്നാണ് ചെങ്കടൽ പ്രദേശം. ശരാശരി ഉപരിതലോഷ്മാവ് വേനൽക്കാലത്ത് 29°C-ഉം മഞ്ഞുകാലത്ത് 22°C-ഉം ആണ്. മഴ വളരെ കുറവാകുന്നു. ജലപ്രവാഹങ്ങളുടെ ഗതി കാറ്റിനാൽ നിയന്ത്രിതമാണ്. ചെങ്കടലിന്റെ വടക്കൻ ഭാഗങ്ങളിൽ കാറ്റിന്റെ ദിശ വർഷം മുഴുവൻ വടക്കായും വടക്കുപടിഞ്ഞാറായും തെക്കൻ ഭാഗങ്ങളിൽ വേനൽക്കാലത്തുമാത്രം വടക്കുപടിഞ്ഞാറായും കാണുന്നു. ഒക്ടോബർ മുതൽ മേയ് വരെയുള്ള കാലത്ത് തെക്കൻ ഭാഗങ്ങളിൽ പ്രധാനമായും തെക്കുകിഴക്കൻ കാറ്റുകളാണ് വീശുന്നത്. വടക്കൻ ഭാഗങ്ങളിൽ വീശുന്ന മുഖ്യയിനങ്ങൾ 'ഈജിപ്ഷൻ കാറ്റുകൾ' എന്നറിയപ്പെടുന്ന പടിഞ്ഞാറൻ കാറ്റുകളാണ്. മഞ്ഞുകാലത്തു വീശുന്ന ഇവയോടൊപ്പം മഞ്ഞും മണൽക്കാറ്റും സാധാരണമാണ്. വടക്ക് 14°-16° അക്ഷാംശങ്ങൾക്കിടയിൽ വീശുന്ന കാറ്റുകളുടെ ദിശയ്ക്ക് ഇടയ്ക്കിടെ വ്യതിയാനം സംഭവിക്കാറുണ്ട്. ജൂൺ മുതൽ ആഗസ്റ്റുവരെയുള്ള കാലയളവിൽ വടക്കുപടിഞ്ഞാറൻ കാറ്റുകൾ തെക്കോട്ടും വ്യാപിക്കുന്നു. ചിലപ്പോൾ ഇവ ബാബെൽ-മാൻഡേബ് വരെയും എത്താറുണ്ട്. വടക്ക് 14° അക്ഷാംശത്തിനു തെക്കായി വരുന്ന ഭാഗങ്ങളിൽ പൊതുവേ തെക്ക്, തെക്കു-കിഴക്കൻ കാറ്റുകൾക്കാണു പ്രാമുഖ്യം. ഈ സമുദ്രത്തിലെ ആഴമുള്ള ചില ഭാഗങ്ങളിൽ താപനില 40°C വരെ ആകാറുണ്ട്. ഇങ്ങനെയുള്ള ഭാഗങ്ങളിൽ വെള്ളത്തിലലിഞ്ഞു ചേർന്നിരിക്കുന്ന ലവണങ്ങളുടെ തോതും കൂടുതലായിരിക്കും.

പുരാതനകാലത്ത് ധാരാളം മഴ ലഭിച്ചിരുന്നിടമായിരുന്നു ചെങ്കടൽ പ്രദേശം എന്നതിന് ഏറെ തെളിവുകളുണ്ട്. എന്നാൽ ഇപ്പോൾ മഴ വളരെ ചെറിയ തോതിൽ മാത്രമേ ലഭിക്കുന്നുള്ളൂ; താപനില താരതമ്യേന കൂടുതലും (25°-28°C). വേനൽക്കാലത്ത് അന്തരീക്ഷ-ഈർപ്പത്തിന്റെ തോത് വളരെ കൂടിയിരിക്കും. ഇതെല്ലാം ചേർന്നുള്ള പ്രതികൂല കാലാവസ്ഥമൂലം ജനജീവിതം ഇവിടെ ദുസ്സഹമായിത്തീർന്നിരിക്കുന്നു.

ആഫ്രിക്ക, വടക്കൻ ഏഷ്യ എന്നീ രണ്ടു ഭൂപാളികളെ തമ്മിൽ വേർതിരിക്കുന്ന ഭ്രംശതാഴ്വര(fault depression)യിലാണ് ചെങ്കടലിന്റെ സ്ഥാനം. ഈ താഴ്വര 'ഈസ്റ്റ് ആഫ്രിക്കൻ റിഫ്റ്റ് വാലി'യുടെ തുടർച്ചയാണ്. ഇത് ആഫ്രിക്ക മുതൽ ചാവുകടൽ വരെ വ്യാപിച്ചിരിക്കുന്നു. അതിവിസ്തൃതമായ ഭ്രംശതാഴ്വര ശൃംഖലയിൽപ്പെടുന്ന ചെങ്കടൽത്താഴ്വരയും ഇതിനു വടക്കായി കാണുന്ന ജോർദാൻ-ചാവുകടൽ താഴ്വരയുമെല്ലാം തന്നെ 'ഗ്രേറ്റ് ആഫ്രിക്കൻ റിഫ്റ്റ് വാലി'യുടെ ഭാഗമാണ്. 'പ്ലേറ്റ് ടെക്റ്റോണിക' സിദ്ധാന്തമനുസരിച്ച് ഈ താഴ്വാരങ്ങളുടെ ദിശയിൽ രണ്ടോ മൂന്നോ ഭൂപാളികൾ (crustal plates) സന്ധിച്ചു സ്ഥിതി ചെയ്യുന്നുവെന്നാണ് വിശ്വാസം. തീരസമതലങ്ങളോടടുത്തായി ചെങ്കടലിനിരുവശത്തുമുള്ള കരഭാഗങ്ങൾ കടൽനിരപ്പിൽ നിന്ന് 1,988 മീറ്ററിനും മുകളിലാണ്. ഉയരം കൂടിയ പ്രദേശങ്ങൾ പ്രധാനമായും തെക്കുഭാഗത്തു കാണപ്പെടുന്നു. ചെങ്കടലിന്റെ വടക്കുഭാഗത്തായുള്ള സൂയസ് ഉൾക്കടലിന്റെ തീരപ്രദേശം ആഴം കുറഞ്ഞ് വീതി കൂടിയതാണ്. എന്നാൽ ആഴമേറിയ അക്വാബ ഉൾക്കടലാകട്ടെ വീതി കുറഞ്ഞ തീരസമതലങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. വടക്ക് 25°-28° അക്ഷാംശത്തിനടുത്ത സൂയസ്-അക്വാബ ഉൾക്കടലുകളുടെ തുടക്കം വരെയുള്ള ചെങ്കടലിന്റെ തീരപ്രദേശങ്ങൾ ഏറെക്കുറെ സമാന്തരമാണ്. ഇതിന് 176 കിലോമീറ്ററാണു വീതി. ഭൂപാളികളെക്കുറിച്ചുള്ള പഠനങ്ങൾ ഈ സമുദ്രത്തിന്റെ അടിത്തട്ട് വികസിച്ചുകൊണ്ടിരിക്കുകയാണെന്നും അറേബ്യൻ ഉപദ്വീപ് ആഫ്രിക്കയിൽ നിന്ന് ക്രമേണ അകന്നുകൊണ്ടിരിക്കുകയാണെന്നും വെളിപ്പെടുത്തുന്നു. ഇതുകൊണ്ട് 'ഭ്രൂണാവസ്ഥയിലിരിക്കുന്ന സമുദ്ര'മെന്നാണ് ചെങ്കടലിനെ ഭൂമിശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്.

പൊതുവെ ആഴം കുറഞ്ഞ ചെങ്കടലിന്റെ സമാന്തരതീരങ്ങൾക്ക് ഏതാണ്ടു മധ്യത്തായി വടക്കുപടിഞ്ഞാറ്-തെക്കു കിഴക്കൻ ദിശയിലുള്ള ഒരു സമുദ്രാന്തര താഴ്വരയുണ്ട്. ഇതിന് ചിലയിടങ്ങളിൽ 2,100 മീറ്ററിലധികം ആഴം കാണാം. ചെങ്കടലിന്റെ തെക്കൻ ഭാഗങ്ങളിൽ ഇതു ക്രമരഹിതമാണ്. ഈ സമുദ്രത്തിന്റെ വീതിയുള്ള വൻകരത്തിട്ടുകളിൽ ധാരാളം ദ്വീപുകളും പവഴിപ്പുറ്റുകളുമുണ്ട്. കൂടാതെ നിർജീവങ്ങളും സജീവങ്ങളുമായ അനേകം അഗ്നിപർവതങ്ങളും ഈ പ്രദേശത്തു കാണാം. ചെങ്കടൽ പ്രദേശത്തുള്ള പവിഴപ്പുറ്റുകൾക്കിടയിൽ വസിക്കുന്ന ജീവജാലങ്ങൾ നിരവധിയാണ്. കൂടുതൽ ദ്വീപസമൂഹങ്ങളും തെക്കൻ ഭാഗത്തായി കാണപ്പെടുന്നു. ഡാലാക് ദ്വീപസമൂഹം, ഫാറസാൻ ദ്വീപുകൾ എന്നിവ വലുപ്പമേറിയവയാണ്. ചെങ്കടലിലെ ഏറ്റവും ആഴമേറിയ ഭാഗത്തിന് 2,635 മീ. താഴ്ചയുണ്ട്.

ധാതുസമ്പന്നമാണ് ചെങ്കടൽ സമുദ്രതടം. ഇവിടെ മൂന്നു തരം ധാതുക്കൾ കാണുന്നു: പെട്രോളിയം നിക്ഷേപങ്ങൾ, ബാഷ്പീകരണംമൂലം ഉണ്ടാവുന്ന നിക്ഷേപങ്ങൾ (ഉപ്പ്, ജിപ്സം, ഡോളമൈറ്റ്), പുതുതായി കണ്ടെത്തിയ ഘനലോഹനിക്ഷേപങ്ങൾ. ഇതിൽ ഘനലോഹനിക്ഷേപങ്ങൾ വടക്ക് 21° 15′–21° 30′ അക്ഷാംശങ്ങൾക്കിടയിൽ വരുന്ന സമുദ്രാന്തര താഴ്വരകളുടെ അടിവാരത്തുള്ള ഊറലുകളിലായി (oozes) കാണുന്നു. എന്നാൽ 1721-1939 മീറ്ററിലേറെ ആഴമുള്ള ജലത്തിൽ നിന്നു ധാതുക്കൾ വേർതിരിച്ചെടുക്കുന്നത് അടുത്ത കാലം വരെ ബുദ്ധിമുട്ടായിരുന്നു. ഈ ലോഹ നിക്ഷേപങ്ങൾ ദ്രവാവസ്ഥയിലുള്ള ഊറലിന്റെ രൂപത്തിലായതിനാൽ ഇവയെ എണ്ണ ഖനനം ചെയ്യുന്നതുപോലെ സമുദ്രോപരിതലത്തിലേക്കു പമ്പു ചെയ്തെടുക്കേണ്ടിയിരിക്കുന്നു. ചെങ്കടലിനു ചുറ്റുമായുള്ള രാജ്യങ്ങളാണ് ഇവിടത്തെ പെട്രോൾ, പ്രകൃതി വാതകം എന്നിവ ഖനനം ചെയ്യുന്നത്. വടക്കേയറ്റത്തുള്ള തീരപ്രദേശങ്ങളിലാണ് കൂടുതൽ പെട്രോളിയം ഉത്പാദിപ്പിക്കപ്പെടുന്നത്. 1970-കളിൽ ചെങ്കടൽപ്രദേശത്തെ ധാതുഖനനത്തോട് വളരെ സാവധാനത്തിലായിരുന്നു. ഇപ്പോൾ അത് അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു.

ചെങ്കടലിൽ ജലഗതാഗതം ദുർഗമമാണ്. തീരപ്രദേശത്തോടു ചേർന്നുള്ള കടലിന്റെ ആഴക്കുറവ്, അപകടകാരികളായ മണൽക്കാറ്റുകളും പ്രാദേശിക വാതങ്ങളും, ക്രമരഹിതമായ ജലപ്രവാഹങ്ങൾ എന്നിവയാണ് ഈ പ്രദേശത്തെ ജലഗതാഗതത്തിനുള്ള പ്രധാന തടസ്സങ്ങൾ. ഇങ്ങനെയാണെങ്കിലും ഇതിന്റെ പ്രത്യേക സ്ഥാനം നിമിത്തം പുരാതന മധ്യ കാലഘട്ടങ്ങളിൽ ചെങ്കടൽ വാണിജ്യ പ്രാധാന്യമുള്ള മുഖ്യ ജലപാതകളിലൊന്നായിരുന്നു. എന്നാൽ 15-ാം ശതകത്തിന്റെ അവസാനത്തോടെ ഈ ജലപാതയുടെ പ്രാധാന്യം കുറഞ്ഞു. ആഫ്രിക്കൻ ഭൂഖണ്ഡത്തെ ചുറ്റിയുള്ള നൂതന ജലപാതയുടെ കണ്ടുപിടിത്തമായിരുന്നു ഇതിനു കാരണം. 1869-ൽ സൂയസ് കനാൽ തുറന്നതോടെ ചെങ്കടലിന് ഗതാഗത പ്രാധാന്യം വീണ്ടുകിട്ടി. അന്ന് യൂറോപ്പ്, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങൾ തമ്മിലുള്ള വാണിജ്യ ഗതാഗതത്തിനായിരുന്നു കൂടുതൽ പ്രാമുഖ്യം. എന്നാൽ പേർഷ്യൻ ഉൾക്കടൽ തീരങ്ങളിൽ എണ്ണ ഖനനം തുടങ്ങിയതോടെ ചെങ്കടൽ പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് എണ്ണ എത്തിക്കുവാനുള്ള പ്രധാന കണ്ണിയായി. ഓയിൽ സൂപ്പർ ടാങ്കറുകൾക്ക് ചെങ്കടലിലൂടെ പോകാനുള്ള ബുദ്ധിമുട്ടു കാരണം ചെങ്കടലിന്റെ പ്രാധാന്യം വീണ്ടും കുറഞ്ഞു. പ്രധാന തുറമുഖങ്ങൾ അറേബ്യൻ തീരത്തുള്ള ജിദ്ദ തുറമുഖം (മക്ക), ആഫ്രിക്കൻ തീരത്തെ അക്വാബ ഉൾക്കടലിലുള്ള ഐലറ്റ് (ഇസ്രയേൽ), സൂയസ്, സുഡാൻ, മാസോവ എന്നിവയാകുന്നു.

പുരാതനകാലം മുതല്ക്കുതന്നെ പ്രധാന നാവിക പാതയായിരുന്ന ചെങ്കടൽ നൂറ്റാണ്ടുകളോളം പ്രാദേശികമായി ഉപയോഗിക്കപ്പെട്ടിരുന്നു. അറേബ്യൻ പത്തേമാരികളാണ് അന്നു ഗതാഗതത്തിന് പ്രധാനമായും ഉപയോഗിക്കപ്പെട്ടിരുന്നത്. അക്കാലത്ത് ചെങ്കടലിന്റെ പേര് 'സൈനസ് അറബിക്സ്' എന്നായിരുന്നു. ഹീബ്രുവിൽ ഇതിന് 'ഈറൽ സമുദ്രം' (Sea of Reeds) എന്നർഥം വരുന്ന 'യാംസൂഫ്' എന്നായിരുന്നു പേര്. ചെങ്കടലിന് ബൈബിളിലെ മോശയുടെ കഥകളുമായി ബന്ധമുണ്ട്. ഈജിപ്തിലെ ഫറോവമാരുടെ ആധിപത്യത്തിൽനിന്ന് 'ഇസ്രയേൽ ജനത'യെ മോശ രക്ഷപ്പെടുത്തിയത് ചെങ്കടൽ കടത്തിയാണെന്നാണ് വിശ്വാസം.

## ചെങ്കണ്ണ്

*നോ.* കൺജങ്ക്റ്റിവൈറ്റിസ്

## ചെങ്കണ്ണൻ

ചോളരാജാവ്. സംഘകാലത്തിന്റെ അവസാനഘട്ടത്തിലെ രാജാവായിരുന്ന ചെങ്കണ്ണൻ, നാലാം ശതകത്തിലോ അഞ്ചാം ശതകത്തിലെ ജീവിച്ചിരുന്നതായി കരുതേണ്ടിയിരിക്കുന്നു. ചേരരാജാവായ കണൈക്കാൽ ഇരുമ്പൊറൈയെ ചേരതലസ്ഥാനമായ കരുവൂരിനു സമീപം കഴുമലം എന്ന സ്ഥലത്തുവച്ച് ചെങ്കണ്ണൻ തോല്പിച്ചു. പൊയ്ഗയ്യാർ എന്ന കവി *കളവാഴി* എന്ന തന്റെ കാവ്യത്തിൽ ഇവർ തമ്മിലുള്ള യുദ്ധം വിശദമായി വിവരിച്ചിരിക്കുന്നു. തടവുകാരനാക്കപ്പെട്ട ചേരരാജാവിന്റെ നില അതിദയനീയമായിരുന്നു. ദാഹജലംപോലും നിഷേധിക്കപ്പെട്ട ഇദ്ദേഹം ആത്മഹത്യയ്ക്കുവരെ മുതിർന്നു. പിന്നീട് ചേരരാജാവിന്റെ സുഹൃത്തായ പൊയ്ഗയ്യാറിന്റെ അഭ്യർഥനയെ മാനിച്ച് ചെങ്കണ്ണൻ ചേരരാജാവിനെ മോചിപ്പിച്ചു.

പേരുകേട്ട ശിവഭക്തനായ ചെങ്കണ്ണൻ, ആൾവാർമാരിൽ പ്രമുഖനായ തിരുമങ്കയുടെ അഭിപ്രായത്തിൽ, എഴുപതോളം ശിവക്ഷേത്രങ്ങൾ തമിഴ്നാട്ടിൽ നിർമിച്ചിട്ടുണ്ട്.

## ചെങ്കണ്ണി

Redwattled Capwing

വയലുകളിലും പറമ്പിലും കുറ്റിക്കാടിലും കാണപ്പെടുന്ന ഒരു പക്ഷി. തിത്തിരിപ്പക്ഷിയെന്നും പേരുണ്ട്. ശാസ്ത്രനാമം: *ലോബിവാനെൽ ഇൻഡിക്കസ് (Lobivanell indicus).* ചെറിയ പിടക്കോഴിയുടെ വലുപ്പമുള്ള ഈ പക്ഷി ഇണകളായോ ചെറിയ സംഘങ്ങ